കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നീണ്ടൂർ ഗ്രാമപഞ്ചായത്ത് - ഭിന്നശേഷിക്കാരായ 14 കുടുംബങ്ങൾക്ക് പ്രത്യേക കക്കൂസ് നിർമ്മിച്ചു നൽകുന്നതിനുള്ള പ്രോജക്ട്- പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 2486/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 25.09.2018.

---

പരാമർശം : 1) നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.07.2018-ലെ A3-2-2018-ാം നമ്പർ കത്ത്

2) കോട്ടയം ജില്ലാ കളക്ടറുടെ 09.08.2018-ലെ 490/2018/DPC/DPO/KTM നമ്പർ കത്ത്

3) സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018 ലെ 4.1 നമ്പർ യോഗതീരുമാനം

## ഉത്തരവ്

നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ 14 കുടുംബങ്ങൾക്ക് പ്രത്യേക കക്കൂസ് നിർമ്മിച്ചു നൽകാൻ പ്ലാൻ ഫണ്ടായി 1,54,000/- രൂപയും 61,600/- രൂപ തനത് ഫണ്ടും ഉൾപ്പെടുത്തി (ആകെ 2,15,600/- രൂപ) പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും (പ്രോ.നം. 42/19 )പ്രസ്തുത പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കാത്തതിനാൽ പ്രത്യേക അനുമതി നല്കണമെന്നും പരാമർശം(1) പ്രകാരം നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (3) ലെ തീരുമാന പ്രകാരം ,ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാൻ അനുയോജ്യമായ കക്കൂസ് ആയതിനാൽ പ്രോജക്ട്നടപ്പാക്കുന്നതിന് നീണ്ടൂർ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പ്രസിഡന്റ്, നീണ്ടൂർ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Saradadevi
സെക്ഷൻ ഓഫീസർ